(സി) ഉണ്ട്.

(ഡി) 8-5-2014-ൽ റവന്യൂവും കയറും വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ശ്രീ. ശൈലേഷ്, ജോയിന്റ് സെക്രട്ടറി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്ര സംഘത്തിനെ പ്രസ്തുത മെമ്മോറാണ്ടം പരിശോധിച്ച് തീരുമാനമെടുക്കുവാൻ കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കേന്ദ്ര സംഘം 2014 ജൂൺ 12 മുതൽ 15 വരെ ദിവസങ്ങളിൽ കേരളം സന്ദർശിക്കുകയാണ്.

(ഇ) ഉണ്ട്. 2012-13 സാമ്പത്തിക വർഷം വരൾച്ചയും വെള്ളപ്പൊക്കത്തിനുമുള്ള അധിക ദുരിതാശ്വാസ ധനസഹായമായി 34.27 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. വരൾച്ചമൂലമുള്ള കൃഷി നാശത്തിന് 15,85,72,470 (പതിനഞ്ചു കോടി എൺപത്തിയഞ്ചു ലക്ഷത്തി എഴുപത്തി രണ്ടായിരത്തി നാനൂറ്റി എഴുപത്) രൂപയും വെള്ളപ്പൊക്കംമൂലമുള്ള കൃഷി നാശത്തിന് 39,13,60,513 (മുപ്പത്തൊമ്പത് കോടി പതിമൂന്ന് ലക്ഷത്തി അറുപതിനായിരത്തി അഞ്ഞൂറ്റി പതിമൂന്ന്) രൂപയും നഷ്ട പരിഹാരമായി നൽകിയിട്ടുണ്ട്. 2012-13 ൽ വരൾച്ചമൂലമുള്ള കൃഷി നാശത്തിന് 28,65,454 (ഇരുപത്തിയെട്ട ലക്ഷത്തി അറുപത്തി അഞ്ചായിരത്തി നാനൂറ്റി അമ്പത്തിനാല്) രൂപയും, വെള്ളപ്പൊക്കം മൂലമുള്ള കൃഷി നാശത്തിന് 19,20,64,036 (പത്തൊമ്പതു കോടി ഇരുപത് ലക്ഷത്തി അറുപത്തിനാലായിരത്തി മുപ്പത്തി ആറ്) രൂപയും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. 2012-13 വർഷം വരൾച്ചാ ദുരിതാശ്വാസത്തിനായി രണ്ടാമത് മെമ്മോറാണ്ടം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ 61.74 കോടി രൂപ 2013-14 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി തുക നടപ്പ് സാമ്പത്തിക വർഷം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കനോലികനാലിന്റെ കരകളെ സി.ആർ.ഇസഡ്-ന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച്**

27(2798) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മുതൽ പൊന്നാനി വരെ നീണ്ടുകിടക്കുന്ന മനുഷ്യനിർമ്മിതമായ കനോലി കനാലിന്റെ തീരങ്ങളിൽ താമസിക്കുന്നവർക്ക് സി.ആർ.ഇസഡ്. പരിധി നിയമം ബാധകമാണോ ;

9/5/2014.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വരുന്നതുകൊണ്ട് കനോലി കനാൽ തീരവാസികൾക്ക് വീടുകളും കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കെട്ടിടനിർമ്മാണത്തിനുള്ള ദൂരപരിധിയിൽ ഇളവനുവദിച്ച് തീരവാസികളുടെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ബാധകമാണ്. കനോലി കനാലിന്റെ ഇരു കരകളിലും 100 മീറ്റർ അഥവാ കനാലിന്റെ വീതി ഏതാണോ കുറവ് അത്രയും ഭാഗം വിജ്ഞാപനത്തിന്റെ പരിധിയിൽ ഉൾപ്പെടും.

(ബി) സി.ആർ.ഇസഡ്. വിജ്ഞാപനത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ വീടുകളും കെട്ടിടങ്ങളും നിർമ്മിക്കുന്നതിനുള്ള പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തദ്ദേശവാസികളുടെ ഭവനങ്ങൾക്കാവശ്യമായ കെട്ടിട നിർമ്മാണത്തിന് ഇളവുകൾ അനുവദിക്കുന്നതിന് ഫിഷറീസ് ആന്റ് പോർട്ട് വകുപ്പിൽ നിന്നും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**മിച്ചഭൂമി/സർക്കാർ ഭൂമി തിരിച്ച് പിടിക്കാൻ നടപടി**

28(2821) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ കണക്കനുസരിച്ച് എത്ര ഏക്കർ മിച്ചഭൂമിയും എത്ര ഏക്കർ സർക്കാർ ഭൂമിയും സ്വകാര്യ വ്യക്തികൾ കൈയ്യടക്കി വച്ചിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ ;

(ബി) മിച്ചഭൂമി/സർക്കാർ ഭൂമി കയ്യടക്കി വച്ചിട്ടുള്ളവരിൽ നിന്നും തിരിച്ചു പിടിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു ;

(സി) ആയതിന്റെ ഫലമായി എത്ര ഏക്കർ ഭൂമി തിരിച്ചുപിടിക്കുവാൻ കഴിഞ്ഞു ;

(ഡി) ഇത്തരം ഭൂമി സംബന്ധിച്ച് എത്ര കേസ്സുകൾ വിവിധ കോടതികളിൽ നിലവിലുണ്ട് ; ഇവ യഥാസമയം തീർപ്പാക്കാൻ വേണ്ടി എന്തു നടപടി സ്വീകരിച്ചു വരുന്നു; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly